ഗുരുവായൂർ ക്ഷേത്രത്തിൽ പുണ്യാഹം

112 (467) പ്രൊഫ. സാവിത്രി ലക്ഷ്മണൻ :

ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ ശ്രീകൃഷ്ണക്ഷേത്രത്തിൽ എത്ര പുണ്യാഹവും ശുദ്ധികലശവും നടത്തിയിട്ടുണ്ട്;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ക്ഷേത്രം അശുദ്ധമാക്കിയവർ പണം അടച്ചിട്ടുണ്ട്;

(സി) ഇവയിൽ എത്രയെണ്ണം ഹിന്ദുക്കളല്ലാത്തവർ ക്ഷേത്രത്തിൽ പ്രവേശിച്ചു എന്ന സംശയത്തിന്മേൽ നടത്തിയിട്ടുണ്ട്;

(ഡി) ഹിന്ദുക്കളല്ലാത്തവർ ക്ഷേത്രത്തിൽ പ്രവേശിച്ചു എന്ന സംശയമുണ്ടാകുമ്പോൾ അപ്രകാരം ക്ഷേത്രത്തിൽ പ്രവേശിച്ചവരോടോ അവരുടെകൂടെയുള്ളവരോടോ അന്വേഷിച്ച് ഉറപ്പുവരുത്താറുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(ഇ) ക്ഷേത്രത്തിൽ പ്രവേശിക്കുന്ന ആൾ അഹിന്ദുവാണോ എന്നുറപ്പിക്കാതെ പുണ്യാഹം നടത്തുന്നവരുടെമേൽ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ വ്യത്യസ്ത കാരണങ്ങൾ ഉളവാകുന്ന അശുദ്ധികൾ കാരണത്താൽ പുണ്യാഹം നടത്തേണ്ടിവരാറുണ്ട്. ആയതു സംബന്ധിച്ച് രേഖപ്പെടുത്തുന്ന പതിവില്ല എന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്.

(ബി) ക്ഷേത്രത്തിൽ പലവക ഇനങ്ങളിലായി ലഭിക്കുന്ന വരുമാനത്തിന് നൽകപ്പെടുന്ന രസീതി മുഖേനയാണ് പുണ്യാഹച്ചെലവിന് ലഭിക്കുന്ന വരുമാനവും വരവ് വയ്ക്കുന്നത്. ഇപ്രകാരം ലഭിക്കുന്ന സംഖ്യ മൊത്തമായി രജിസ്റ്ററിൽ വരവ് ചേർക്കുകയാണ് പതിവ്. ഈ കാരണത്താൽ എത്ര എണ്ണം പുണ്യാഹത്തിന് പണം അടച്ചിട്ടുണ്ടെന്ന് പ്രത്യേകമായി അറിയിക്കുവാൻ നിർവാഹമില്ല എന്ന് ദേവസ്വം അറിയിച്ചിട്ടുണ്ട്.

(സി) പുണ്യാഹം നടത്തുന്നതിനെ സംബന്ധിച്ച് വിവരം രേഖപ്പെടുത്തുന്നില്ല. എന്നതിനാൽ പുണ്യാഹം ഏതെല്ലാം കാരണങ്ങളാൽ നടത്തിയിട്ടുണ്ടെന്ന് പറയാൻ നിർവാഹമില്ല.

(ഡി) അന്വേഷിക്കാറുണ്ട്.

(ഇ) പുണ്യാഹം ക്ഷേത്ര ചൈതന്യത്തിനുവേണ്ടിമാത്രം നടത്തുന്ന ഒരു ചടങ്ങാണെന്നും അല്ലാതെ ആരെയും അപകീർത്തിപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതല്ലെന്നും അതിനാൽ ഈ ചോദ്യത്തിന് പ്രസക്തി ഇല്ലെന്നും ദേവസ്വം അറിയിച്ചിട്ടുണ്ട്.

ഗുരുവായൂർ ക്ഷേത്രത്തിൽ നടത്തിയ പുണ്യാഹം

113 (468) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly